# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2571 17.06.2019 -ലെ മറുപടിക്ക്**

## <u>പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നൽകിയ വായ്പ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം എന്നുവരെ തിരിച്ചടവ് കാലാവധി പൂർത്തിയാക്കിയ കടങ്ങളാണ് എഴുതിതള്ളുന്നത്; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശികയിൽ ഒരു ലക്ഷം രൂപ വരെ ഇളവ് നൽകുന്ന പദ്ധതി നിലവിലുണ്ട്. 31.03.2014 ന് മുമ്പ് വായ്പാ തിരിച്ചടവ് കാലാവധി അവസാനിച്ച പട്ടികവർഗ്ഗക്കാരുടെ കടങ്ങളാണ് എഴുതിത്തള്ളുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി വായ്പയെടുത്ത എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു ; എത്ര കോടി രൂപയുടെ വായ്പയാണ് എഴുതിത്തള്ളിയത്; വിശദമാക്കുമോ; | (ബി) | 115 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു. 32,88,498/- രൂപയുടെ വായ്പയാണ് എഴുതിത്തള്ളിയത്. |
| (സി) | 2016 ജൂണിന് ശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന എത്ര പേരുടെ വായ്പ എഴുതി തള്ളി; എത്ര കോടി രൂപയാണ് ഇപ്രകാരം എഴുതി തള്ളിയത്? | (സി) | 3322<br><br>9,18,32,837/- രൂപയുടെ വായ്പയാണ് എഴുതിത്തള്ളിയത്. |

സെക്ഷൻ ഓഫീസർ